മുടിമുറിക്കൽ വിവാദം: ഷെയ്ൻ നിഗമും ജോബി ജോർജും തമ്മിലുള്ള തർക്കം പരിഹരിച്ചു

● നടൻ ഷെയ്ൻ നിഗവും നിർമ്മാതാവ് ജോബി ജോർജും നിർമ്മാതാക്കളുടെയും താരസംഘടന അമ്മയുടെയും നേതൃത്വത്തിൽ നടത്തിയ ഒത്തുതീർപ്പ് ചർച്ചക്കു ശേഷം കൈകൊടുത്തു പിരിയുന്നു.

കൊച്ചി: നടൻ ഷെയ്ൻ നിഗമും നിർമാതാവ് ജോബി ജോർജും തമ്മിലുണ്ടായ തർക്കം പരിഹരിച്ചു. നിർമാതാക്കളുടെയും താരസംഘടനയുടെയും നേതൃത്വത്തിൽ ഷെയ്നും ജോബി ജോർജും തമ്മിൽ പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ ഓഫീസിൽ നടന്ന ചർച്ചയിലാണ് ഒത്തുതീർപ്പ്.

ജോബി നിർമിക്കുന്ന ഷെയ്ൻ നായകനായ വെയിൽ സിനിമയുടെ ചിത്രീകരണം അടുത്ത മാസം പുനരാരംഭിക്കും. പ്രശ്നം രമ്യമായി പരിഹരിച്ചുവെന്ന് ചർച്ചയ്ക്കുശേഷം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ഭാരവാഹികളായ രഞ്ജിത്, ആന്റോ ജോസഫ് എന്നിവർ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

വെയിൽ സിനിമയ്ക്കായി ഷെയിൻ നിഗമിന് 20 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്ന് രഞ്ജിതും ആന്റോ ജോസഫും പറഞ്ഞു. ഇതു കൂടാതെ നാലു ലക്ഷം രൂപ അടുത്തതായി ചെയ്യാൻ പോകുന്ന സിനിമയ്ക്കായും നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ളത് 16 ലക്ഷം രൂപയാണ് ആ തുക ചിത്രീകരണ സമയത്തും ഡബ്ബിങ് സമയത്തുമായി കൈമാറാനും ധാരണയിലായി. ഇത്തരം കാര്യങ്ങൾ ഉണ്ടാകുമ്പോൾ മാധ്യമങ്ങളിൽ പറയുന്നതിന് മുമ്പ് ആദ്യം സംഘടനയിൽ ചർച്ച ചെയ്ത് പരിഹാരം കാണണമെന്നും ചർച്ചയിൽ തീരുമാനമുണ്ടായതായി രഞ്ജിത് പറഞ്ഞു.

ഷെയ് ന്റെ കുടുംബത്തിനെതിരേ നടത്തിയ പരമാർശങ്ങളിൽ ജോബി ഖേദം പ്രകടിപ്പിച്ചിട്ടുണ്ട്. ജോബിയുടെ വെയിൽ എന്ന സിനിമയിലും ഇതിനു ശേഷം അഭിനയിക്കുന്ന സുബൈറിന്റെ കുർബാനി എന്ന സിനിമയിലും അഭിനയിക്കുന്നതിനായാണ് അസോസിയേഷൻ ധാരണയിൽ എത്തിയത്. വെയിൽ എന്ന സിനിമയ്ക്ക് താടിയുള്ള ലുക്കിലാണ്. കുർബാനിയിൽ താടിയില്ലാതെയാണ്ഷെയിൻ അഭിനയിക്കുന്നത്.

ഇതു പ്രകാരം ആദ്യം തീരുമാനിച്ചത് വെയിൽ എന്ന ചിത്രം തീർക്കാനായിരുന്നു. അതിനു ശേഷം കുർബാനി എന്ന ചിത്രത്തിൽ അഭിനയിക്കാനുമായിരുന്നു ധാരണ. അസോസിയേഷന്റെ തീരുമാനത്തിനിടയിൽ ഇരുവരും തമ്മിലുണ്ടായ ഫോൺവിളിയെ തുടർന്നാണു പരസ്പരമുള്ള വെല്ലുവിളിയിലേക്കും പരാതിയിലേക്കും കാര്യങ്ങൾ നീങ്ങിയത്.

പ്രവാസി നിക്ഷേപം: ഡയസ്പോര ബോണ്ട് ഇറക്കുന്നത് പരിഗണനയിൽ

തിരുവനന്തപുരം: പ്രവാസി നിക്ഷേപം കേരളത്തിന് പ്രയോജനപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഡയസ്പോര ബോണ്ട് ഇറക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രവാസികളെ സംബന്ധിച്ച് കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാകാനും സുരക്ഷിതമായി നിക്ഷേപം നടത്താനുമുള്ള പുതിയ രൂപമായി ഡയസ്പോര ബോണ്ടിനെ കാണാമെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. തിരുവനന്തപുരം മുതൽ കാസർകോട് വരെ സെമി ഹൈസ്പീഡ് റെയിൽപ്പാത നിർമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റെയിൽവെയുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിക്ക് 65,000 കോടി ചെലവ് വരും. ഇത്തരം പദ്ധതികൾക്ക് പണം കണ്ടെത്താൻ പ്രവാസികളുടെ നിക്ഷേപം പ്രയോജനപ്പെടുത്താൻ കഴിയും. ആ നിലയിലാണ് പ്രവാസി ബോണ്ടിനെക്കുറിച്ച് ആലോചിക്കുന്നത്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് വലിയ വികസന പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ പ്രവാസി സംരംഭങ്ങൾക്ക് മാത്രമായി പ്രത്യേക മേഖലയുണ്ടാകും. ചെറുകിടക്കാരായ പ്രവാസികളുടെ നിക്ഷേപവും സംരംഭവും കൂടുതൽ

കൊണ്ടുവരാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കും. നിക്ഷേപങ്ങൾ സുരക്ഷിതമായിരിക്കുമെന്നും ആകർഷകമായ വരുമാനം ലഭിക്കുമെന്നുമുള്ളതിന്റെ തെളിവാണ് സിയാൽ. കഴിഞ്ഞ വർഷം 27 ശതമാനം ഡിവിഡന്റാണ് ആ കമ്പനി നൽകിയത്.

പ്രവാസികളായ വനിതകളുടെ സംരംഭങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകും. വനിതസംരംഭങ്ങൾക്ക് വായ്പ ലഭിക്കാനുള്ള പ്രയാസങ്ങൾ പരിഹരിക്കും. ടൂറിസം, പുഷ്പകൃഷി ,ഔഷധ സസ്യകൃഷി എന്നീ മേഖലകളിൽ അനന്തമായ സാധ്യതയാണുള്ളത്.

ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരളത്തിന്റെ പുരോഗതിക്ക് വലിയ സംഭാവനകൾ നൽകിയത് പ്രവാസികളാണ്.പ്രവാസികൾ നിക്ഷേപിക്കുന്ന പണത്തിന്പൂർണ ഗ്യാരണ്ടി നൽകുമെന്നും പ്രതിവാര സംവാദ പരിപാടിയായ നാം മുന്നോട്ടിൽ പ്രവാസികളും കേരള വികസനവും എന്ന വിഷയത്തിൽ സംസാരിക്കവെ മുഖ്യമന്ത്രി പറഞ്ഞു.

ഏഴു ട്രെയിനുകളിൽ തേർഡ് എസി കോച്ചുകൾ സ്ഥിരമായി വർധിപ്പിക്കും

തിരുവനന്തപുരം: ഏഴു ട്രെയിനുകളിൽ തേർഡ് എസി കോച്ചുകൾ സ്ഥിരമായി വർധിപ്പിക്കും. തിരുവനന്തപുരം സെൻട്രൽ–ഹസ്രത്ത് നിസാമുദ്ദീൻ–തിരുവനന്തപുരം സെൻട്രൽ പ്രതിവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–ഷാലിമാർ–തിരുവനന്തപുരം സെൻട്രൽ ദ്വൈവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–ഇൻഡോർ–തിരുവനന്തപുരം സെൻട്രൽ പ്രതിവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–കോർബ–തിരുവനന്തപുരം സെൻട്രൽ ദ്വൈവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–ഹസ്രത്ത് നിസാമുദ്ദീൻ – തിരുവനന്തപുരം സെൻട്രൽ പ്രതിവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–ഹസ്രത്ത് നിസാമുദ്ദീൻ–തിരുവനന്തപുരം സെൻട്രൽ പ്രതിവാര എക്സ്പ്രസ് ട്രെയിനുകളിലും തിരുവനന്തപുരം സെൻട്രൽ–ഹസ്രത്ത് നിസാമുദ്ദീൻ–തിരുവനന്തപുരം സെൻട്രൽ പ്രതിവാര എക്സ്പ്രസ് ട്രെയിനുകളിലുമാണ് ഒരു തേർഡ് എസി കോച്ച് സ്ഥിരമായി വർധിപ്പിക്കുന്നത്.

കൊച്ചുവേളിയിലേക്ക് പ്രത്യേക അൺ റിസർവ്ഡ് ട്രെയിൻ

തിരുവനന്തപുരം: ദീപാവലി വേളയിൽ യാത്രക്കാരുടെ തിരക്കു കുറയ്ക്കാൻ താംബരത്തുനിന്നു കൊച്ചുവേളിയിലേക്ക് 26നു റിസർവ് ചെയ്യാത്ത പ്രത്യേക ട്രെയിൻ ഓടിക്കും.

താംബരം–കൊച്ചുവേളി പ്രത്യേക ട്രെയിൻ (ട്രെയിൻ നമ്പർ 06031) രാവിലെ 7.45 നു താംബരത്തിൽനിന്നു പുറപ്പെട്ട് രാത്രി 11 നു കൊച്ചുവേളിയിലെത്തും. ട്രെയിനിന് 10 സെക്കൻഡ് ക്ലാസ് ചെയർ കാർ കോച്ചുകളും ഒൻപതു ജനറൽ സെക്കൻഡ് കോച്ചുകളുമുണ്ടാകും.

ജോയ് ആലുക്കാസിൽ ദീപാവലി ഗോൾഡ് ഫെസ്റ്റ്

കൊച്ചി: ജോയ് ആലുക്കാസ് ജുവലറി ദീപാവലി ആഘോഷത്തിന്റെ ഭാഗമായുള്ള മെഗാ ഗോൾഡ് ഫെസ്റ്റ് തുടരുന്നു. ഉപയോക്താക്കൾക്ക് സൗജന്യമായി സ്വർണനാണയങ്ങളും കുറഞ്ഞ വിലയിൽ സ്വർണാഭരണങ്ങളും ഡിസ്കൗണ്ടുകൾ, കാഷ് ബാക്ക് ഓഫറുകളും മെഗാ ഗോൾഡ് ഫെസ്റ്റിന്റെ ഭാഗമായി നൽകും.

ദീപാവലി മെഗാ ഗോൾഡ് ഫെസ്റ്റിൽനിന്ന് 50,000 രൂപക്ക് മുകളിലുള്ള ഡയമണ്ട് അല്ലെങ്കിൽ അൺകട്ട് ഡയമണ്ട് ജ്വല്ലറി വാങ്ങുമ്പോൾ ഒരു ഗ്രാം ഗോൾഡ് കോയിൻ സമ്മാനമായി ലഭിക്കും. ഈ മാസം 25,26,27 ദിവസങ്ങളിൽ 50,000 രൂപക്ക് മുകളിലുള്ള സ്വർണാഭരണ പർച്ചേയ്സിനൊപ്പം 200 മി.ഗ്രാം ഗോൾഡ് കോയിനും സമ്മാനമായി നേടാം. എസ്.ബി.ഐ ക്രെഡിറ്റ് കാർഡുപയോഗിച്ചുള്ള സ്വർണാഭരണ പർച്ചെയ്സിന് 5 ശതമാനം അഡിഷണൽ കാഷ് ബാക്കും നേടാം. ഷോറൂമുകളിൽ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ദിപാവലി മെഗാ ഗോൾഡ് ഫെസ്റ്റ് 27ന് അവസാനിക്കും.

നിറ്റാ ജെലാറ്റിന് പുരസ്കാരം

കൊച്ചി: ഇന്ത്യൻ യൂസേഴ്സ് ഓഫ് എസ്.എ.പി. ഏർപ്പെടുത്തിയ എസ്.എ.പി. ഏയ്സ് അവാർഡ്–2019 ൽ എസ്.എം.ഇ. വിഭാഗത്തിൽ ധനകാര്യരംഗത്തെ പ്രവർത്തന മികവിനുള്ള അവാർഡ് നിറ്റാ ജെലാറ്റിൻ ഇന്ത്യ കരസ്ഥമാക്കി. മുംബൈയിൽ നടന്ന എസ്.എ.പി. ഏയ്സ് അവാർഡ് ദാനച്ചടങ്ങിൽ ഇൻഡസ് ബോർഡ് മെമ്പർ സുബ്രത ഡേയിൽനിന്നു നിറ്റാ ജെലാറ്റിൻ ഇന്ത്യ ഐടി വിഭാഗം മേധാവി മഞ്ജുഷ ദേവി അവാർഡ് ഏറ്റുവാങ്ങി.

2018 ജനുവരി ഒന്നു മുതൽ 2019 ജൂൺ 30 വരെ നടപ്പാക്കിയ പദ്ധതികളാണ് അവാർഡിനായി പരിഗണിച്ചത്. കോസ്റ്റിങ് മോഡ്യൂൾ വികസിപ്പിച്ചതിനാണ് നിറ്റാ ജെലാറ്റിൻ കമ്പനിയെ അവാർഡിനു തെരഞ്ഞെടുത്തത്. കേരളത്തിൽനിന്ന് എസ്.എ.പി. ഏയ്സ് അവാർഡ് കരസ്ഥമാക്കുന്ന ആദ്യ കമ്പനിയാണ് നിറ്റാ ജെലാറ്റിൻ ഇന്ത്യ.

■ സർവകലാശാല വാർത്ത

www.mgu.ac.in

എം.ജി.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.എ./ എം.സി.ജെ./ എം.എ.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ എം.എസ്സി. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ എം.കോം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ നാല്, അഞ്ച് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

പരീക്ഷാഫലം

2018 ഡിസംബറിൽ നടന്ന ഒന്നും രണ്ടും നാലും സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ആറുവരെ അപേക്ഷിക്കാം.

● ലുലുമാൾ ജീവനക്കാർക്കായി നടത്തിയ ഹൃദയ പുനരുജ്ജീവന ജീവൻരക്ഷാ പ്രക്രിയാ പരിശീലന ക്ലാസിൽനിന്ന്.

ഹൃദയ പുനരുജ്ജീവന പരിശീലനം നൽകി

കൊച്ചി: ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേസിയോളജിസ്റ്റ് മലനാട് സിറ്റി ബ്രാഞ്ചും ലുലു മാളും ചേർന്നു ലുലുമാൾ ജീവനക്കാർക്കായി ഹൃദയ പുനരുജ്ജീവന ജീവൻരക്ഷാ പ്രക്രിയയിൽ പരിശീലനവും അനസ്തേഷ്യ ബോധവൽക്കരണ ക്ലാസും നടത്തി.

ലോക അനസ്തേഷ്യ ദിനത്തോടും ആരോഗ്യ പുനരാരംഭ ദിനത്തോടും അനുബന്ധിച്ചായിരുന്നു പരിപാടി. അനസ്തേഷ്യ ഡോക്ടർമാരായ ഡോ. മാത്യു മത്തായി, ഡോ. മഞ്ജിത് ജോർജ്, ഡോ. നബീൽ ബി., ഡോ. വിജിൻ വർഗീസ്, ഡോ. വിനോദ് എസ് നായർ തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.

കേരള സംസ്ഥാന
ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

അക്ഷയ AK-416 നറുക്കെടുപ്പ് ഫലം 23/10/2019
സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 60ലക്ഷം രൂപ AX 598036 (കോഴിക്കോട്)

സമാശ്വാസ സമ്മാനം 8000 രൂപ

AN 598036 AO 598036 AP 598036 AR 598036
AS 598036 AT 598036 AU 598036 AV 598036
AW 598036 AY 598036 AZ 598036

2–ാം സമ്മാനം 5 ലക്ഷം രൂപ

AV 143393 (ഇടുക്കി)

3–ാം സമ്മാനം 100000 രൂപ

AN 799157 AO 323024 AP 294881 AR 387075
AS 767700 AT 259716 AU 622626 AV 909349
AW 432928 AX 869517 AY 919449 AZ 158015

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4–ാം സമ്മാനം 5000 രൂപ

0333	0658	1988	2359	3674	4817	5472	5578	7794	8721
9076	9511								

5–ാം സമ്മാനം 2000 രൂപ

		1285	2029	4452	6014	6832	8588		

6–ാം സമ്മാനം 1000 രൂപ

0501	0610	1158	1361	1497	1560	1652	2382	2663	2856
2940	3113	4398	5161	5589	6116	6978	7251	8190	8276
8498	8849	9203	9324	9500					

7–ാം സമ്മാനം 500 രൂപ

0335	0409	0622	0764	0958	1039	1197	1209	1262	1280
1679	2075	2089	2134	2313	2398	2932	2965	3060	3142
3306	3385	3650	4248	4729	4984	5177	5444	5482	6050
6165	6259	6712	6771	6897	7500	8462	8539	9079	9358
9521	9560	9612	9643	9748	9761	9825	9959		

8–ാം സമ്മാനം 100 രൂപ

0226	0269	0328	0350	0675	0781	0913	0928	0959	0975
1007	1084	1106	1161	1226	1229	1323	1356	1437	1488
1597	1693	1797	1860	1923	1975	1992	1998	2087	2143
2205	2261	2418	2433	2543	2697	2761	2832	2926	3034
3098	3354	3389	3403	3432	3453	3582	3596	3922	3964
4246	4659	4753	4811	4830	4901	5008	5118	5124	5173
5218	5222	5238	5419	5526	5558	5645	5675	5678	6016
6017	6344	6457	6584	6622	6639	6746	6762	6774	6904
7023	7150	7396	7397	7473	7656	7834	7888	7949	8003
8053	8074	8080	8178	8186	8215	8253	8300	8301	8489
8801	8884	8954	9009	9156	9170	9251	9269	9286	9846
9916	9972								

(ഒപ്പ്) സുചിത്ര കൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി ചാനലുകളിൽ

കെ. ദേവയാനി പുരസ്കാരം ശൈലജയ്ക്ക്

● കെ.കെ. ശൈലജ

തിരുവനന്തപുരം: കേരളത്തിലെ മഹിളാ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിലൊരാളും എ.വി. കുഞ്ഞമ്പുവിന്റെ ഭാര്യയുമായിരുന്ന കെ. ദേവയാനിയുടെ പേരിൽ ഏർപ്പെടുത്തിയ അവാർഡ് മന്ത്രി കെ.കെ. ശൈലജക്ക്.

25,000 രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് അവാർഡ്. 27–ന് വൈകിട്ട് അഞ്ചിന് കോഴിക്കോട് നടക്കുന്ന സംസ്ഥാന മഹിള അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് സമ്മാനിക്കും.

ഷെഡ്യൂൾ II
ഫോം ബി
പൊതു അറിയിപ്പ്
[2016 ലെ പാപ്പരത്തവും പാപ്പരത്വവും (ലിക്വിഡേഷൻ പ്രോസസ്സ്) റെഗുലേഷൻസ് 12]
എക്സൽ ഗ്ലാസസ് ലിമിറ്റഡ് ഓഹരി ഉടമകളുടെ ശ്രദ്ധയ്ക്കായി

പ്രസക്തമായ ഭാഗങ്ങൾ		
1.	കോർപ്പറേറ്റ് കടക്കാരന്റെ പേര്	എക്സൽ ഗ്ലാസസ്സ് ലിമിറ്റഡ്
2.	കോർപ്പറേറ്റ് കടക്കാരനെ സ്ഥാപിച്ച തീയതി	1 ജൂലൈ 1970
3.	കോർപ്പറേറ്റ് കടക്കാരനെ സംയോജിപ്പിച്ച / രജിസ്റ്റർ ചെയ്ത അധികാരി	കമ്പനി ആക്റ്റ് 1956 പ്രകാരം സംയോജിപ്പിച്ച് കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ രജിസ്ട്രാർ ഓഫ് കമ്പനീസ് എറണാകുളം ഓഫീസിൽ രജിസ്റ്റർ ചെയ്തു
4.	കോർപ്പറേറ്റ് കടക്കാരന്റെ കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ / പരിമിത ബാധ്യത തിരിച്ചറിയൽ നമ്പർ	L26109KL1970PLC002289
5.	കോർപ്പറേറ്റ് കടക്കാരന്റെ രജിസ്റ്റർ ചെയ്ത ഓഫീസിലെയും പ്രിൻസിപ്പൽ ഓഫീസിലെയും (എന്തെങ്കിലും ഉണ്ടെങ്കിൽ) വിലാസം	രജിസ്റ്റർ ചെയ്ത ഓഫീസും പ്രിൻസിപ്പൽ ഓഫീസും : ഉദയനഗർ, പാതിരപ്പള്ളി, ആലപ്പുഴ, പിഒ ആലപ്പുഴ, കേരളം – 688521
6.	പാപ്പരത്ത പരിഹാര പ്രക്രിയ അവസാനിപ്പിച്ച തീയതി	23.09.2019 (സിഐആർപിയുടെ 180 ദിവസത്തെ കാലഹരണപ്പെടൽ)
7.	കോർപ്പറേറ്റ് കടക്കാരന്റെ ലിക്വിഡേഷൻ ആരംഭ തീയതി	21.10.2019 (ബഹുമാനപ്പെട്ട എൻസിഎൽടിയുടെ കൊച്ചി ബെഞ്ചിന്റെ 21.10.2019ലെ ഉത്തരവ് പ്രകാരം)
8.	ലിക്വിഡേറ്ററിന്റെ പേര്, വിലാസം, ഇമെയിൽ വിലാസം, ടെലിഫോൺ നമ്പർ, രജിസ്ട്രേഷൻ നമ്പർ	രവീന്ദ്ര ചതുർവേദി ഐ ബി ബി ഐ രജി. നമ്പർ IBBI/IPA-001/IP-P00792/ 2017-2018/11359 വിലാസം: C/o പരേഖ് ഷാ ആൻഡ് ലോധ, 31 ഇ, ബി കെ സി സെന്റർ, ലക്ഷ്മി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ന്യൂ ലിങ്ക് റോഡ്, അന്ധേരി (വെസ്റ്റ്), മുംബൈ 400053. ഇമെയിൽ : ravinchaturvedi@hotmail.com
9.	ലിക്വിഡേറ്ററുമായുള്ള കത്തിടപാടിനായി ഉപയോഗിക്കേണ്ട വിലാസവും ഇമെയിലും	വിലാസം : സി / ഒ. പരേഖ് ഷാ ആൻഡ് ലോധ, 31 ഇ, ബി കെ സി സെന്റർ, ലക്ഷ്മി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ന്യൂ ലിങ്ക് റോഡ്, അന്ധേരി (വെസ്റ്റ്), മുംബൈ 400053. ഇമെയിൽ : ip.ravinchaturvedi@gmail.com
10.	ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	20.11.2019

കോഡിന്റെ 33ാം വകുപ്പ് പ്രകാരം 21.10.2019 ന് എക്സൽ ഗ്ലാസസ്സ് ലിമിറ്റഡിന്റെ ലിക്വിഡേഷൻ ആരംഭിക്കാൻ കേരളത്തിലെ ബഹുമാനപ്പെട്ട ദേശീയ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബെഞ്ച് ഉത്തരവിട്ടിട്ടുണ്ട്.

എക്സൽ ഗ്ലാസ്സ് ലിമിറ്റഡിന്റെ പങ്കാളികൾ അവരുടെ ക്ലെയിമുകളുടെ ഒരു തെളിവ് 20.11.2019നോ അതിനുമുമ്പോ ഇനം 9 ന് എതിരായ വിലാസത്തിലെ ലിക്വിഡേറ്റർക്ക് സമർപ്പിക്കാൻ ആവശ്യപ്പെടുന്നു.

പണം കൊടുത്തിട്ടുള്ളവർ അവരുടെ ക്ലെയിമുകളുടെ തെളിവ് ഇലക്ട്രോണിക് മാർഗത്തിലൂടെ മാത്രം സമർപ്പിക്കുക. മറ്റെല്ലാ പങ്കാളികൾക്കും ക്ലെയിമുകളുടെ തെളിവ് വ്യക്തിപരമായോ തപാൽ വഴിയോ ഇലക്ട്രോണിക് മാർഗത്തിലൂടെയോ സമർപ്പിക്കാം.

ക്ലെയിമിന്റെ തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന തെളിവുകൾ സമർപ്പിക്കുന്നത് ശിക്ഷാർഹമാണ്.

തീയതി: 21/10/2019
സ്ഥലം: മുംബൈ

(ഒപ്പ്)
രവീന്ദ്ര ചതുർവേദി
(എക്സൽ ഗ്ലാസസ്സ് ലിമിറ്റഡിന്റെ ലിക്വിഡേറ്റർ)

Wedding Cards
VALAVI & Co.
Providence Road ,Ernakulam
Ph:2393018,4060831
Trivandrum - Ph :0471 - 2571105
Palakkad - Ph : 0491 - 2545212
Thodupuzha - Ph : 9142927067
Angamaly - Ph : 0484 - 2454398
Adoor - Ph : 04734 - 228990
N.Paravoor - Ph : 0484 - 4010134
Trichur - Ph : 0487- 2322182
Kottakkal - Ph : 9847607560
Kanhangad - Ph : 0467 - 2206838
Kayamkulam - Ph : 7560979899

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
• മാഗസിൻ
• 18 ബി ബി
• 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും, റിപ്പയറിംഗിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായീസ് ജംഗ്ഷൻ,
നാരകത്തറ റോഡ്, എറണാകുളം.
ഫോൺ: 0484 2371598, 2353589
സ്റ്റോക്കിസ്റ്റ് കൊച്ചിൻ എയർഗൺ
ഫോൺ: 9895277832

ഒരു മലേഷ്യൻ ഉൽപന്നം
കൂടുതൽ സമയം, കൂടുതൽ കരുത്ത്.
നാലാം ദിനം മുതൽ.
Reforma MAN HORSE
8881 444 666
MORE POWER, MORE TIME.
Now Available at: amazon.in Flipkart
ഇപ്പോൾ എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ലഭ്യമാണ്.
ഇനി നിങ്ങളുടെ സ്വകാര്യ നിമിഷങ്ങൾ ആസ്വദിക്കൂ, കൂടുതൽ സമയം, ഒരു കുതിരയുടെ കരുത്തോടെ!
FANTASTIC ASSOCIATES
Thrissur, Kerala
www.fantasticassociates.com
care@fantasticassociates.com

CHANGE OF NAME

I, DHANALAKSHMI AMMAL.S (as per SSLC BOOK), POKKALAYIL, AIKABHARATHAM, SOUTH ARYAD, AVALOOKUNNU .P.O, ALAPPUZHA, HEREBY CHANGE MY NAME AS **DHANALAKSHMI SUNDARAM ACHARI**

ആക്സിസ് ബാങ്ക് ലിമിറ്റഡ്

AXIS BANK

രജിസ്റ്റേർഡ് ഓഫീസ്: ത്രിശൂൽ, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡന് സമീപം, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ് – 380006, റീട്ടെയിൽ അസറ്റ്സ് സെന്റർ: ആക്സിസ് ബാങ്ക് ലിമിറ്റഡ്, അഞ്ചാം നില, ചിക്കാഗോ പ്ലാസ, രാജാജി റോഡ്, കൊച്ചി – 682035.

സ്ഥാവര സ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ് [റൂൾ 8 (1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ വകുപ്പ് 13(12) ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ന്റെ ചട്ടം 3 ഉം പ്രകാരം, **ആക്സിസ് ബാങ്ക് ലിമിറ്റഡ്, രജിസ്റ്റേർഡ് ഓഫീസ്: ത്രിശൂൽ, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡന് സമീപം, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ് – 380006, ശാഖ: കൊച്ചി, കോർപ്പറേറ്റ് ഓഫീസ്: ആക്സിസ് ഹൗസ്, ബോംബെ ഡെയിംഗ് മിൽസ് കോമ്പൗണ്ട്, പാണ്ഡുരംഗ് ബുധകർ മാർഗ്, വർളി, മുംബൈ – 400025** നിയമാനുസരണമുള്ള അധികാരം ഉപയോഗിച്ച് ടി ബാങ്കിനു വേണ്ടി താഴെ ഒപ്പിട്ടിരിക്കുന്ന ഔദ്യോഗിക അധികാരി **31-07-2019**ൽ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണ്. പ്രസ്തുത നോട്ടീസ് പ്രകാരം വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരായ (1) **ശ്രീമതി. ബ്ലെസ്സി കുഞ്ഞമ്മ പൊടിയൻ**, പുന്നക്കുന്ന് ഹൗസ്, മടപ്പള്ളി പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം - 686010, **മറ്റൊരുവിലാസം: ശ്രീമതി. ബ്ലെസ്സി കുഞ്ഞമ്മ പൊടിയൻ**, സ്റ്റാഫ് നഴ്സ്, പ്രിൻസ് സൽമാൻ എ അസീസ് ഹോസ്പിറ്റൽ, പി.ഒ ബോക്സ് 56773, റിയാദ്, സൗദി അറേബ്യ 22533 (2) **ശ്രീ. സാജു പുന്നക്കുന്ന് തങ്കപ്പൻ**, പുന്നക്കുന്ന് ഹൗസ്, മടപ്പള്ളി പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം - 686010 എന്നിവർക്ക് നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന 31 - 07 - 2019ലെ പലിശ അടക്കമുള്ള കുടിശിക തുകയായ **രൂപ 22,08,817/- (ഇരുപത്തി രണ്ട് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ)** യും കരാർ പ്രകാരമുള്ള പലിശയും മറ്റ് ആകസ്മിക ചെലവുകളും നോട്ടീസ് ലഭിച്ച് 60 ദിവസത്തിനുള്ളിൽ തിരികെ അടയ്ക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു.

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ വായ്പ കുടിശ്ശികയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിൽ അടയ്ക്കാതെ വീഴ്ച വരുത്തിയിട്ടുള്ളതുകൊണ്ട് ടി ആക്ടിലെ വകുപ്പ് 13(4) ഉം, മേൽപ്പടി റൂളിന്റെ ചട്ടം 8 ഉം പ്രകാരം താഴെ വിവരിച്ചിരിക്കുന്ന വസ്തുവകകൾ **19-10-2019ന്** ടി ബാങ്ക് കൈവശം എടുത്തിരിക്കുന്ന വിവരം ടി വായ്പക്കാരെയും പണയക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളേയും അറിയിക്കുന്നു.

വായ്പക്കാരോ/പണയക്കാരോ/ജാമ്യക്കാരോ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏതു നടപടികളും അസാധുവായിരിക്കുമെന്നും, ടി വസ്തുവിനെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്നും ബാങ്കിന് കിട്ടാനുള്ള 31 - 07 - 2019ലെ പലിശ അടക്കമുള്ള കുടിശിക തുകയായ **രൂപ 22,08,817/- (ഇരുപത്തി രണ്ട് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ)** യും കരാർ പ്രകാരമുള്ള പലിശയ്ക്കും മറ്റ് ആകസ്മിക ചിലവുകൾക്കും വിധേയമായിരിക്കും എന്ന് വായ്പക്കാരേയും പണയക്കാരേയും ജാമ്യക്കാരേയും പ്രത്യേകിച്ച് പൊതുജനങ്ങളേയും ഇതിനടിയിൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ അറിയിക്കുന്നു. **ടി സർഫേസി ആക്ടിന്റെ 13 (8)–ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു കടക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാകുന്നു.**

സ്ഥാവര വസ്തുക്കളുടെ വിശദ വിവരണം

ഐറ്റം നം.1: തെങ്ങണ സബ് രജിസ്ട്രാർ ഓഫീസിലെ 430/2009 - ാം നമ്പർ വിലയാധാരപ്രകാരം കോട്ടയം ജില്ലയിൽ തെങ്ങണ ഉപജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ, മടപ്പള്ളി വില്ലേജിൽ, റീസർവേ നം. 284/11/1 (പഴയ സർവേ നം. 473/1) റീസർവ്വേ ബ്ലോക്ക് നം. 9ൽ പെട്ട 3.24 ആർസ് സ്ഥലവും അതിലിരിപ്പ് മടപ്പള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടവും (നം.4/357) മുഴുവൻ ചമയങ്ങളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ 430/2009 – ാം നമ്പർ വിലയാധാരപ്രകാരം: കിഴക്ക്:** സ്വകാര്യ റോഡ്; **വടക്ക്:** സ്വകാര്യ റോഡ്; **പടിഞ്ഞാറ്:** മല്ലപ്പള്ളി - വെങ്കോട്ട റോഡ്; **തെക്ക്:** ജോർജ്ജ് വക വസ്തു.

ഐറ്റം നം. 2: തെങ്ങണ സബ് രജിസ്ട്രാർ ഓഫീസിലെ 2356/2009 - ാം നമ്പർ വിലയാധാരപ്രകാരം കോട്ടയം ജില്ലയിൽ തെങ്ങണ ഉപജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ, മടപ്പള്ളി വില്ലേജിൽ, റീസർവേ നം. 284/11/2 (പഴയ സർവേ നം. 473/1) റീസർവ്വേ ബ്ലോക്ക് നം. 9ൽ പെട്ട 0.81 ആർസ് സ്ഥലവും മുഴുവൻ ചമയങ്ങളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ 2356/2009 – ാം നമ്പർ വിലയാധാരപ്രകാരം: കിഴക്ക്:** കൃഷ്ണൻ ചെട്ടിയാർ വക വസ്തു; **വടക്ക്:** വാങ്ങുന്നയാൾ വക വസ്തു; **പടിഞ്ഞാറ്:** വെങ്കോട്ട - മമ്മൂദ് റോഡ്; **തെക്ക്:** വാങ്ങുന്നയാൾ വക വസ്തു.

സ്ഥലം : കൊച്ചി
തീയതി: 19 – 10 – 2019

(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
ആക്സിസ് ബാങ്ക് ലിമിറ്റഡ്

കുറിച്ചി ഗ്രാമപഞ്ചായത്ത്

എ3–5006 23/10/2019

കുറിച്ചി ഗ്രാമപഞ്ചായത്തിൽ 2019/20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായ അംഗണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർകുക്കർ എന്ന പദ്ധതിയുടെ ടെണ്ടറുകൾ tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ Window No. G 109767/2019 അറിയാവുന്നതാണ്.

(ഒപ്പ്) സെക്രട്ടറി
കുറിച്ചി ഗ്രാമപഞ്ചായത്ത്

നഷ്ടപ്പെട്ടു

2013–ാം വർഷത്തെ 37/2141–ാം നമ്പരിലുള്ള എന്റെ ഡ്രൈവിംഗ് ലൈസൻസ് തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിനായി അപേക്ഷ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം ഉടുമ്പൻചോല ആർ.ടി ഓഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ബോണി സർജു, പുൽപ്പറമ്പിൽ
മമ്മട്ടിക്കാനം പി.ഒ
പഴയവിടുതി രാജാക്കാട്

കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

ഫോൺ: 04822267037 Email-aelsgdkvl@gmail.com

വിൻഡോ പരസ്യം

വിൻഡോ നമ്പർ–G109811/2019 തീയതി 23.10.2019
No. 2/AE/LSGD/KVL/2019-20

ജനകീയാസൂത്രണം 2019–20

കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണം 2019–20 പദ്ധതിയിലുൾപ്പെട്ട പൊതുമരാമത്ത് പ്രവർത്തികൾക്ക് അംഗീകൃത കരാറുകാരിൽനിന്നും പേരെഴുതി മുദ്രവച്ച മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവർത്തികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഈ ഓഫീസിൽനിന്നും നേരിട്ടും www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽനിന്നും അറിയാവുന്നതാണ്.

കൊഴുവനാൽ
23.10.2019

അസി. എഞ്ചിനീയർ
എൽ.എസ്.ജി.ഡി. സെക്ഷൻ
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

NO: T-02/AEE/LSGD/UZVR/ 19-20

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,

എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ
ഉഴവൂർ, കുറവിലങ്ങാട്,
കോട്ടയം–23.10.2019

ദർഘാസ് പരസ്യം

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണം 2019–20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 5 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും മൽസര സ്വഭാവമുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവൃത്തി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും കൂടുതൽ വിവരങ്ങൾ ഉഴവൂർ എൽ.എസ്.ജി.ഡി സബ് ഡിവിഷനിൽ നിന്നും ലഭിക്കുന്നതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ

ബഹുമാനപ്പെട്ട തിരുവല്ല മുൻസിഫ് കോടതി മുമ്പാകെ

O.P. (Succession) No. 6 of 2019

ഹർജിക്കാർ: 1. മല്ലപ്പള്ളി താലൂക്കിൽ പുറമറ്റം വില്ലേജിൽ പടുതോട് പി.ഒ.യിൽ ആശിഷം ആറ്റാച്ചേരിൽ വീട്ടിൽ Late കെ.എം. മാത്യൂസ് ഭാര്യ 57 വയസുള്ള സിൽവി മാത്യൂസ്.

2. ടിയിൽ ടി വീട്ടിൽ Late മാത്യൂസ് മകൻ അജിത്ത്.

എതിർകക്ഷികൾ: ഇല്ല.

സകലമാന പേരെയും തെര്യപ്പെടുത്തുന്നത്

1–ാം ഹർജിക്കാരിയുടെ ഭർത്താവും 2–ാം ഹർജിക്കാരന്റെ പിതാവുമായ കെ.എം. മാത്യൂസ് 16/05/2019–ാം തീയതി നിര്യാതനായിട്ടുള്ളതാണ്. ടിയാന്റെ മല്ലപ്പള്ളി സബ് ട്രഷറിയിലുള്ള പെൻഷനേഴ്സ് സേവിംഗ്സ് അക്കൗണ്ടിലുള്ള ഡിപ്പോസിറ്റ് വാങ്ങിയെടുക്കുന്നതിലേക്ക് മരിച്ചുപോയ കെ.എം. മാത്യുവിന്റെ നിയമാനുസൃത അവകാശികൾ ഹർജിക്കാരാണെന്ന് തെളിയിക്കുന്നതിലേക്ക് സക്സഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലേക്കായി ബോധിപ്പിച്ചിട്ടുള്ള ടി ഹർജി 2019–ാമാണ്ട് നവംബർ മാസം 22–ാം തീയതി വിചാരണയ്ക്ക് വച്ചിട്ടുള്ളതാണ്. ടി ഹർജിയിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം അന്നേദിവസം 11 എ.എം–ന് നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹർജിക്കാർഭാഗം അഡ്വക്കേറ്റ്
തിരുവല്ല S.R. ഉണ്ണികൃഷ്ണൻ
22.10.2019 (ഒപ്പ്)

ചെങ്ങന്നൂർ മുൻസിഫ് കോടതി മുമ്പാകെ

O.S. No. 46/2016

വാദികൾ: വർഗീസ്, മാമ്മൂട്ടിൽ വീട്, ചെറുവല്ലൂർ മുറി, ചെറിയനാട് വില്ലേജ്, മു. പേ. 5.

8–ാം പ്രതി: ഉമ്മൻ ചെറിയാൻ, ഇടമനതറയിൽ പുത്തൻവീട്, ചെറുവല്ലൂർ മുറി, ചെറിയനാട്.

ടി 8–ാം പ്രതിയെ തെര്യപ്പെടുത്തുന്നത്

വാദിഭാഗത്തുനിന്നും ബോധിപ്പിച്ചിട്ടുള്ള മേൽനമ്പർ കേസിൽ താങ്കളെ 8–ാം പ്രതിയായി കക്ഷി ചേർത്തിട്ടുള്ളതും ടി കേസ് 25.11.19–ാം തീയതിയിലേക്ക് അവധിക്ക് വച്ചിട്ടുള്ളതും ടി കേസിന്മേൽ എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി തർക്കം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കൽപ്പിക്കുന്നതുമാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

അഡ്വക്കേറ്റ്
ജെയ്സൺ ജോൺ
18.09.19 (ഒപ്പ്)

CHANGE OF NAME

I Bindu.T as per in my S.S.L.C Reg. no. 304756 do hereby change my name to Beena John as per my Adhaar Number 595319398158 for all purposes, I also undertake to effect the change in all my other public documents.

നഷ്ടപ്പെട്ടു

എന്റെ K 6171694 നമ്പരിലുള്ള പാസ്പോർട്ട് കോടുകുളഞ്ഞിക്കും വെൺമണിക്കും ഇടയിൽ യാത്രാ മദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ തിരികെ ഏൽപ്പിയ്ക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

Shajan oommen,
Perumkuzhi Thekkekizhakkethil
Kodukulanji PO, 689508. Mob. 9207486227

നഷ്ടപ്പെട്ടു

KL-31-K 5395–ാം നമ്പർ വാഹനത്തിന്റെ ആർ.സി. ബുക്കും അനുബന്ധ രേഖകളും നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് ആക്ഷേപമുള്ളവർ 15 ദിവസത്തിനകം മാവേലിക്കര ജോ. ആർ.ടി.ഒ.യെ അറിയിക്കേണ്ടതാണ്.

നഷ്ടപ്പെട്ടു

എന്റെ N 8636655 നമ്പരിലുള്ള പാസ്പോർട്ട് കോടുകുളഞ്ഞിക്കും വെൺമണിക്കും ഇടയിൽ യാത്രാ മദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ തിരികെ ഏൽപ്പിയ്ക്കണമെന്ന് താൽപ്പര്യപ്പെടുന്നു

Renu idicula, Palanilkunnathil puthen veedu
Kodukulanji p.o, Pin. 689508
Mob. 7902647366

നഷ്ടപ്പെട്ടു

KL32K 4658 രജിസ്റ്റർ നമ്പരിലുള്ള ബൈക്കിന്റെ ഉടമ തണ്ണീർമുക്കം പഞ്ചായത്ത് മരുത്തോർവട്ടം പി.ഒ.യിൽ മാടമന ടിജോ തോമസ് വാഹനത്തിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടതായി ഓഫീസിൽ അറിയിച്ചിരിക്കുന്നു. മേൽപ്പടി ആർ.സി. ബുക്ക് ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ഓഫീസിൽ തിരികെ ഏൽപ്പിക്കണം. ആർ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം രേഖാമൂലം ഓഫീസിൽ പരാതി നൽകണം.

(ഒപ്പ്) JRTO ചേർത്തല

നോട്ടീസ്

1995 മാർച്ചിലെ 3637 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

Aseezkutty C.S.
Palathumpattu, Muthukulam

നോട്ടീസ്

2002 മാർച്ചിലെ 691484 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ദീപു കൃഷ്ണൻ, നയിറ്റുപറമ്പിൽ
കടക്കരപ്പള്ളി പി.ഒ., ചേർത്തല

നഷ്ടപ്പെട്ടു

എന്റെ ഉടമസ്ഥതയിലുള്ള KL-35D 1855 നമ്പർ കാറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം പാലാ JRTO-യെ രേഖാമൂലം അറിയിക്കണം.

തോമസ് ജോസഫ്, ഇടയാനിക്കാട്ട്
അന്തീനാട് പി.ഒ., പാലാ

നഷ്ടപ്പെട്ടു

KL-39-B-3573 ബജാജ് XCD 135 ബൈക്കിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു എന്നറിയിച്ച് ഈ വാഹനത്തിന്റെ ഉടമ ഗിരീഷ്കുമാർ, പടികുഴയ്ക്കൽ, മണിയാറൻകുടി പി.ഒ., ഭൂമിയാംകുളം എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ ഏഴ് ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഒപ്പ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
ഇടുക്കി

CHANGE OF NAME

I VIJAYA KUMAR KULATHUMKARA KUTTAPPAN holder of Indian Passport No. H 1438741, dated 30.10.2008 issued at Trivandrum residing at Vijayanivas, Onamthuruthu P.O., Kottayam District do hereby change my name as VIJAYAKUMAR KOTTARATHIL PARAMPIL KUTTAPPAN.

നോട്ടീസ്

2013 മാർച്ചിലെ 191898 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

Jobin P. Thomas, Pazhoor Malayil House
Vennikkulam P.O., Valankara, Pathanamthitta-689544

നഷ്ടപ്പെട്ടു

നെയ്യശേരി വില്ലേജിൽ ബ്ലോക്ക് 38ൽ റീസർവെ 115/8B നമ്പരിൽപ്പെട്ട 2 ആർ 03 ച.മീറ്റർ വസ്തുവകകൾ അകത്തേതറ കരയിൽ സെനിത്ത് ഹോമിൽ അബ്ദുൾ സത്താറിനോട് കാരിക്കോട് രജിസ്റ്ററിൽ 3371/2012 നമ്പരായി ഞാൻ തീറുവാങ്ങിയിട്ടുള്ളതായ ടി നമ്പർ ആധാരം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. ടി നമ്പർ ആധാരം കണ്ടുകിട്ടുന്നവർ താഴെ കാണുന്ന ഫോൺ നമ്പരിൽ അറിയിക്കേണ്ടതാകുന്നു.

സുനിൽകുമാർ, വീട്ടിക്കുന്നേൽ
തൊമ്മൻകുത്ത്, 9446741227

നോട്ടീസ്

2010 വർഷത്തെ 451027 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

Meera J., Lekshmikripa
Cherukole, Mavelikara-690104